E. 7931/19

"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- എയിംസ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിനു അധികമായി നൽകേണ്ടി വന്ന തുക നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2280/2019/ധന** **തീയതി,തിരുവനന്തപുരം,22/03/2019.**

പരാമർശം :- 1) 23/03/2018 തീയതിയിലെ സ.ഉ(സാധാ) നം 2441/2017/ധന നം ഉത്തരവ്

2) 27/05/2017-ലെ സ.ഉ(സാധാ) നം.4448/2017/ധന നം ഉത്തരവ്

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15/02/2019-ലെ ഡി.കെ.എസ്.എ 425/2019/ഐ.ടി.1-ധന നം കത്ത്.

4) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14/03/2019-ലെ ഡി.കെ.എസ്.എ 425/2019/ഐ.ടി.1-ധന നം കത്ത്.

**ഉത്തരവ്**

1200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക എയിംസ് സോഫ്റ്റ് വെയറിലൂടെ ഇ സബ്മിഷൻ സമർപ്പിച്ചപ്പോൾ നേരിട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ അനുമതിക്ക് വിധേയമായി 5/2017 മുതൽ 7/2017 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് 2 ഓഫ് സൈറ്റ് ടെക്നിക്കൽ സ്റ്റാഫുകളുടെ സേവനം കെൽട്രോണിൽ നിന്നും one man month ന് 60,000/- രൂപ നിരക്കിൽ ലഭ്യമാക്കിയിരുന്നുവെന്നും ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫുകളുടെ സഹായത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ വിജയകരമായി എയിംസിൽ ഇ-സബ്മിഷൻ നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തതിനോടൊപ്പം, ടി ടെക്നിക്കൽ സ്റ്റാഫുകളുടെ സേവനം അധികമായി ലഭ്യമാക്കിയ വകയിൽ 3,60,000/-(2 ടെക്നിക്കൽ സ്റ്റാഫ് * 3 മാസം *60000) രൂപ കെൽട്രോണിനു നൽകുന്നതിലേയ്ക്കായി ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കണമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 3,4 എന്നിവ പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 10/2017 മുതൽ 02/2019 വരെ അനുവദിച്ച ഓൺസൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിങ് സ്റ്റാഫിന്റെ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-098-99-88(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 42 ലക്ഷം രൂപയിൽ ആകെ 35,60,000/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂവെന്നും

ഇതിൽ സേവിംഗ്സായി നിൽക്കുന്ന 6,40,000/- രൂപയിൽ നിന്നും 2016-17 സാമ്പത്തിക വർഷം മേൽ പറഞ്ഞ 2 ടെക്നിക്കൽ സ്റ്റാഫുകളുടെ സേവനം അധികമായി ലഭ്യമാക്കിയ വകയിൽ ചിലവു വന്നിട്ടുള്ള തുക കണ്ടെത്താവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയറിലൂടെ ഇ-സബ്മിഷൻ സമർപ്പിച്ചപ്പോൾ നേരിട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ അനുമതി തേടാതെ 5/2017 മുതൽ 7/2017 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് 2 ഓഫ് സൈറ്റ് ടെക്നിക്കൽ സ്റ്റാഫുകളുടെ സേവനം കെൽട്രോണിൽ നിന്നും one man month ന് 60,000/- രൂപ നിരക്കിൽ ലഭ്യമാക്കിയ ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് കൊണ്ടും ടി അധിക സ്റ്റാഫുകളുടെ സേവനം വിനിയോഗിച്ച വകയിൽ ചിലവ് വന്നിട്ടുള്ള ആകെ 3,60,000/- രൂപ (2 ടെക്നിക്കൽ സ്റ്റാഫ് * 3 മാസം *60000) നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-098-99-88-(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനു ഭരണാനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി. ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ് എസ് എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം
പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി(എക്സ്പെൻഡിച്ചർ) യുടെ ഓഫീസ്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ: 636460)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ